# ഇടശ്ശേരിക്കവിതയിലെ സ്ത്രീ സങ്കൽപ്പം

പി. എം. പള്ളിപ്പാട്

ഇടശ്ശേരിയുടെ ഇരുന്നൂറ്റിരണ്ടു കവിതകളും പാരായണം ചെയ്തു കഴിയുമ്പോൾ നമ്മുടെ മനസ്സിനെ വേദനിപ്പിച്ചുകൊണ്ട് ചുടുതേങ്ങലായി പുറത്തുവരുന്നത് സ്ത്രീ കഥാപാത്രങ്ങളാണ്. അവരിൽ പ്രഥമസ്ഥാനത്ത് നിൽക്കുന്നത് മാതൃത്വത്തിന്റെ സ്നേഹവാൽസല്യങ്ങൾ സന്തർപ്പണം ചെയ്യുന്ന അമ്മയാണ്. ഒരുണ്ണിയുടെ അമ്മ അഥവാ കവിയുടെ പെറ്റമ്മതന്നെ

അവൾക്ക് കുളിരിന് കമ്പിളിനേടി
പിന്നീടെന്നോ ഞാൻ ചെൽകെ
ഒരട്ടിമണ്ണ് പുതച്ചു കിടപ്പൂ
വീടാക്കടമേ മമജന്മം

ആ കടവായ്പ വിവിധ ഭാവങ്ങളിൽ മിക്ക കവിതകളിലും വ്യത്യസ്ത രൂപങ്ങളിൽ പ്രത്യക്ഷപ്പെടുന്നതായും നമുക്ക് കാണാം.

പൂതപ്പാട്ടിലെ നങ്ങേലിയിലൂടെ അത് പ്രത്ക്ഷപ്പെടുമ്പോഴാണ് സർവ്വശക്തമാവുന്നത് എന്നുമാത്രം.

ആറ്റുനോറ്റുണ്ടാവുന്ന ഏക ആൺതരിയോട് ഏതെല്ലാം വിധത്തിൽ സ്നേഹവായ്പ് കാണിക്കാമോ ആ വിധത്തിലെല്ലാം അതാചരിക്കുന്നുണ്ട് നങ്ങേലി. പുരാണേതിഹാസങ്ങളിൽ പരിചയപ്പെട്ട ജനയിത്രിമാരേക്കാൾ ഒരുപിടി മീതെ നിൽക്കുന്നു ഈ അമ്മ.

താഴെവെച്ചാലുറുമ്പരിച്ചാലോ ...
... ... ... ... ... ... ... ... ... ... ... ... ...
തണുതണെ പൂന്തുട തട്ടിയുറക്കീട്ടു
ചാഞ്ഞുമയങ്ങുന്നു – നങ്ങേലി –

ഓരോ നിമിഷവും തന്റെ പൊന്നുണ്ണിയുടെ വളർച്ചയിൽ മാത്രം ഉത്സുകയായി, അവന്റെ കൈയോ കാലോ വളരുന്നതെന്ന് ഉറ്റു നോക്കിക്കൊണ്ട് സ്വജീവിതം ഒരാരാധനയാക്കി മാറ്റുന്ന മറ്റൊരമ്മയെ കാണാൻ വിഷമിക്കും. പാഠശാലയിലേക്കയയ്ക്കുന്നതിലുള്ള ശ്രദ്ധയും ഒരുക്കവും ഒരു പക്ഷേ ഇന്ന് ഇംഗ്ലീഷ് മീഡിയം സ്കൂളിലേയ്ക്കയയ്ക്കുന്ന കുട്ടികളുടെ മാതാക്കളിൽ കണ്ടെന്നുവരാം. പള്ളിക്കൂടം വിട്ടു വരുന്നതു വരെയുള്ള ഒരേയൊരു പണി അവനെയുള്ള കാത്തിരിപ്പുതന്നെ. വരാൻ അല്പം വൈകുമ്പോഴുണ്ടാവുന്ന പൊറുതികേടും ഇവരിൽ ദൃശ്യമായേക്കാം.

എങ്കിലും തെരഞ്ഞുചെല്ലുമ്പോൾ അന്യ കൈവശത്തിലകപ്പെട്ട പൊന്നുണ്ണിയെ തിരിച്ചു ലഭിക്കാനുള്ള പരിശ്രമത്തിൽ സ്വന്തം കണ്ണുകൾ ചൂഴ്ന്നെടുത്ത് പുലരിചെന്താമരപൂക്കൾ പോലെ പകരം നൽകുന്ന ആ അത്യപൂർവ്വമായ രംഗം നങ്ങേലിക്ക് മാത്രമായി ആവിഷ്കരിക്കപ്പെട്ടതാണ്, തീർച്ച. കാട്ടാളനെ ഭസ്തമാക്കാൻ വേണ്ടത്ര ശാപശക്തി ദമയന്തിക്ക് ലഭിച്ചത് ചാരിത്ര ശുദ്ധിയിൽ നിന്നാണെങ്കിൽ പൂതത്തെ ശപിക്കാൻ കൈ ഉയർന്നത് മകനോടുള്ള സ്നേഹശുദ്ധിയിൽ നിന്നു ലഭിച്ച ശക്തികൊണ്ടുതന്നെ.

നഷ്ടപ്പെട്ട പുത്രനെ മടക്കികിട്ടിയപ്പോൾ, ആ അമ്മയുടെ മനസ്സ് കൃതജ്ഞതാതരളിതമാകയാണുണ്ടായത്. പ്രതികാരവാഞ്ഛ അലിഞ്ഞുപോയി. ഉണ്ണിയേക്കാണാൻ കൊല്ലംതോറും വീട്ടിലേയ്ക്ക് വരണമെന്നു ക്ഷണിക്കാൻ സന്മനസ്സു കാണിച്ചു അമ്മ. പക്ഷേ,

വീടേതെന്നു പറഞ്ഞതുമില്ല
നങ്ങേലിക്ക് മറന്നതുകൊണ്ടോ
കണ്ടാൽ തന്റെ കിടാവിനെ വീണ്ടും
കൊണ്ടോടിപ്പോമെന്നു ഭയന്നോ?

രണ്ടായാലും പറഞ്ഞില്ല. അമ്പരന്നു നിൽക്കുന്ന പൂതം ചോദിച്ചതുമില്ല. അങ്ങനെ ആ അമ്മ വീണ്ടും ഭാഗ്യവതിയായിത്തീർന്നു.

ലൗകികജീവിതത്തിൽ ഇതൊക്കെ ഒരർത്ഥത്തിൽ സ്വാഭാവികം എന്നു കണക്കാക്കാം.

പക്ഷേ

അതാ ഇടശ്ശേരിയുടെ മറ്റൊരു സ്ത്രീ കഥാപാത്രം രംഗത്ത് വരുന്നു.

തലമുടിയും വേറിടുത്തലസമവൾ പൂ പുഞ്ചിരി
വിലസിടെവെ, വഴിവക്കിൽ ചെന്നു നിൽക്കും
നേരവും നിലയും വിട്ടാവഴിപോം ചെറുവാല്യ–
ക്കാരെയവളാകർഷിച്ചതിചതുരം

ഏഴുനില മാളികയായ്ത്തോന്നും കരിമ്പന
മേലവരെക്കേറ്റിക്കുരലിൽവയ്ക്കും
തഴുകിയുറങ്ങീടുമത്തരുണരുടെയുപ്പേറും
കുരുതിയവൾ നൊട്ടിനുണച്ചിറക്കും
പറയന്റെ കുന്നിന്റെ മറ്റേച്ചെരുവിലെ
പാറയിൽ ചിതറും മുടിയുമെല്ലും

അങ്ങനെ നിത്യവൃത്തി കഴിച്ചു പോന്നിരുന്ന അതിഭയങ്കരിയായ ഒരു യക്ഷിയെ പറപ്പൂതം എന്ന കഥാപാത്രത്തിലൂടെ (മണ്ണാർപൂതം) ഭീതിദമായവതിരപ്പിക്കുന്നുണ്ട് ഇടശ്ശേരി. അത്രമാത്രം രക്ത, മാംസദാഹിയായ ഒരു പൂതത്തെ ഒരു പൊന്നുണ്ണിയുടെ ദർശനത്താൽ മാനസാന്തരപ്പെടുത്തുന്ന ഒരു രാസപ്രക്രിയ നടത്തുന്നുണ്ടല്ലോ പൂതപ്പാട്ടിൽ. സാക്ഷാൽ പൂതനയ്ക്ക് പോലും ഉണ്ണിക്കൃഷ്ണന്റെ ദർശനത്താൽ കൈവരാത്ത ആ മാനസാന്തരം കൈവരുത്തിയ കൈവിരുതിനെ സ്തുതിച്ചേ മതിയാവൂ.

ആ കഥാപാത്ര സൃഷ്ടി അന്യാദൃശ്യാണ്. സ്വന്തം ഭീകര തൊഴിലുപേക്ഷിച്ച് പുതിയൊരു വാത്സല്യപൂർണ്ണമായ ജീവിത്തിലേർപ്പെടാൻ ഒരുങ്ങിയ പൂതം.

എന്തു കൗശലം കാണിച്ചും ഉണ്ണിയെ സ്വന്തമാക്കാനാഗ്രഹിക്കുന്നു.

തെച്ചിക്കോലു കൊണ്ട് മറ്റൊരുണ്ണിയെ നിർമ്മിച്ച് സ്വയം സംതൃപ്തയാവാനല്ല, മറിച്ച് ആ കൃത്രിമ മായാമോഹനനെ അമ്മക്ക് നൽകാനാണ് സ്വൽപനേരത്തെ ഉണ്ണിയുമായുണ്ടായ സ്നേഹബന്ധം മോഹിച്ചത്. അത്രയ്ക്കും ആ പൊന്നുണ്ണിയോട് അവൾ ഇഴുകിച്ചേർന്നിരുന്നു എന്നർത്ഥം. അത്രമാത്രം മനഃപരിവർത്തനം വരുത്തി ഒരു ധ്രുവത്തിൽ നിന്നു മറ്റേധ്രുവത്തിലേയ്ക്കെത്തിക്കുന്ന ശില്പചാതുര്യത്തിന്റെ ശക്തിയാണ് ഇടശ്ശേരിയുടെ തൂലികയുടെ സാഫല്യം. ഉണ്ണിയെ വേണമെങ്കിൽ പൂവം പഴം പോലെ പൂതത്തിനു തിന്നാമായിരുന്നു. അതല്ല അതിന്റെ ലക്ഷ്യം പോറ്റുമകനായി യശോദയെപ്പോലെ ഉണ്ണിക്കൃഷ്ണനെ വളർത്തുകയെന്നതായിരുന്നു. അവസാനം ശാപത്തെ ഭയപ്പെട്ടു മരിച്ചുപോയാൽ പിന്നെ ഒരിക്കലും ഉണ്ണിയെ ഒരു നോക്ക് കാണാൻപോലും കഴിയുകയില്ലല്ലോ എന്നോർത്തതു കൊണ്ടാണ് വിട്ടു കൊടുത്തത്; വൈമനസ്യത്തോടെ.

ആ വേർപാടിൽ അത് സ്പഷ്ടമാക്കിയിട്ടുണ്ട്.

യാത്രതിരിച്ചിടുമുണ്ണിയെ വാരിയെ-
ടുത്തു പുണർന്നാ മൂർദ്ധാവിങ്കൽ
പലവുരു കണ്ണീർചോല ചൊരിഞ്ഞു
വീർപ്പാൽ വാടയാതേ കണ്ടും
നില്ലൊരു പൂതം - കാവ്യ സങ്കൽപ്പത്തിൽ വേറെയില്ലെന്നു ഉറപ്പാണ്

വേർപിരിയൽ രംഗം മുമ്പും ചിത്രീകരിക്കപ്പെട്ടിട്ടുണ്ട് സാഹിത്യത്തിൽ.

വിവാഹം കഴിഞ്ഞു ഭർതൃഗൃഹത്തിലേക്ക് പോകുന്ന മകളെ യാത്രയാക്കുമ്പോൾ ഒരു പിതാവിനുണ്ടാവുന്ന, മാതാവിന്നുണ്ടാവുന്ന ഹൃദയവേദന ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ അല്പനേരത്തെ സമ്പർക്ക സാമീപ്യം കൊണ്ട് സ്വന്തം ജീവനേക്കാൾ വിലപ്പെട്ടതായിത്തതീർന്ന അന്യപുത്രനിൽ ഇത്രയും സ്നേഹം നിറയുക എന്നത് ആ പൂതത്തെ നിത്യാന്വേഷകയാക്കി മാറ്റാനിടവരുത്തുകയാണുണ്ടായത്.

അതുമൂലം തിങ്ങിത്തിങ്ങി
വരുന്നൊരു കൗതുക
മങ്ങിനെ കൂടീ, ട്ടവിടെത്തന
തുണ്ണിയിരിപ്പെന്നോരോവീട്ടിലു
മങ്ങു കളിച്ചുകരേറിത്തുള്ളി
ത്തുള്ളിമറിഞ്ഞൊടുവങ്ങേലെന്നുട-
നവിടേക്കോടിപ്പോണൂ പൂതം

കൃഷ്ണപ്രേമത്താൽ വൃന്ദാവനത്തിലെ രാധക്കും പിന്നീട് ഭക്തമീരക്കുമെല്ലാമുണ്ടായ അതേ ഭ്രാന്തമായ മനോഭാവം ആണ് ഉണ്ണിയെ തേടുന്ന പൂതത്തിനും നൽകിയത്.

ഉണ്ണിയെ വേണോ ഉണ്ണിയെ വേണോ
ആളുകളിങ്ങനെയെങ്ങും ചോദി
ച്ചാടിപ്പിപ്പൂ പാവത്തെപ്പല
പാടു മതിന്റെ മിടിക്കും കരളിൽ
താളക്കുത്തിനു തുടികൊട്ടുന്നു
തേങ്ങലിനൊത്തു കുഴൽ വിളികേൾപ്പൂ

അതാണ് ആ കവിതയ്ക്ക് പൂതപ്പാട്ട് എന്ന് നാമകരണം ചെയ്യാൻ ഇടവന്നത്. (നങ്ങേലി എന്ന പേര് സ്ക്രിപ്റ്റിൽ പോലും ചേർത്തിട്ടില്ലെന്നു ശ്രദ്ധിക്കുക)

ഇനി രണ്ടു പാറുമാരുണ്ട് ഇടശ്ശേരിക്കവിതയിൽ മുമ്പിട്ടു നിൽക്കുന്നു.

ഒന്നു നെല്ലുകുത്തുകാരി പാറു

രണ്ട് കല്ല്യാണപുടവയിലെ പാറു

രണ്ടുപേരും സമൂഹത്തിലെ പാവപ്പെട്ടവരിൽ പാവപ്പെട്ടവരുടെ പ്രതിനിധികൾ. നെല്ലുകുത്തുകാരി പാറുവിനെ അവതരിപ്പിക്കണമെങ്കിൽ ആദ്യം നെല്ല് കുത്തെന്തെന്നു ഇന്നത്തെ തലമുറയോടു പറഞ്ഞറിയിക്കേണ്ടിവരും.

ഉരലും ഉലക്കയും കുന്താണിയും അപ്രത്യക്ഷമായി. മുറം കൊണ്ട് കല്ലറ കൊഴിക്കലും ചേറലും എന്താണെന്നു കണ്ടവരിപ്പോഴില്ലാതായി ചെറുപ്പക്കാരിൽ. അതുപോലെ യൗവനയുക്തയായ ഒരു പെൺകൊടി മാറുമറയ്ക്കുന്നതു വെറുമൊരു ചാലിയത്തോർത്തുകൊണ്ടാണെന്നു പറഞ്ഞാലും മനസ്സിലാക്കാൻ കഴിയില്ലവർക്ക്. അതു മനസ്സിലായാലേ

നെല്ലുകുത്തവാനില്ല മേലിലിങ്ങത്രേ,
മില്ലുതാൻ സ്ഥാപിച്ചത്രേ തന്റെ കൊച്ചെജമാനൻ എന്ന വരിയിലെ നഷ്ടബോധം ഉള്ളിൽത്തട്ടുകയുള്ളൂ.

പാറുവിന്റെ കുടുംബസ്ഥിതി നോക്കൂ

പെങ്ങളേ, കഞ്ഞീക്കരികിട്ടീലേ?
നിയ്യിന്നെന്താണിങ്ങനെ? തുരുതുരെ
ചോദ്യമായ് നിന്നു വത്സൻ-
ദീനശയ്യയിലായീ, താനതോർത്തല്ലാ ഖേദം
മാനക്കേടണച്ചാലോപുത്രിതൻ പാൽത്താരുണ്യം
കാർമിഴികളെ വീണ്ടും കറുപ്പാക്കാനും തന്റെ
ചോരിവായ്മലർ വീണ്ടും തുടപ്പിക്കാനും വെമ്പി
പൂവിടുംതോറും ഞെട്ടിത്താഴുന്നുതാഴും തോറും
പൂവിട്ടുപോയീടുന്നു പാറുവിൻ തനുവല്ലി

താരുണ്യവതിയായ അവൾ ഇനി എങ്ങനെ തന്റെ കുടുംബത്തെ പുലർത്തും?

ആ നിസ്സഹായത എന്തിനെല്ലാം പ്രേരിപ്പിക്കും എന്നു വ്യക്തമായി ഈ കവിതയിലൂടെ ഇടശ്ശേരി കാട്ടിത്തരുന്നുണ്ട്. (ഹന്ത സൗന്ദര്യമേ, നാരിതൻ മെയ്യ് ചേർന്നാലെന്തു സാധിപ്പിക്കാ- എന്ന വള്ളത്തോളിന്റെ ഈരടി) ഹന്ത ദാരിദ്ര്യമേ നാരിതൻ മെയ്യ് ചേർന്നാലെന്തെന്തു ചെയ്യിപ്പിക്കാം എന്നു തിരുത്താൻ പാകത്തിലാണ് പാറുവിന്റെ ദുരവസ്ഥ ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്.

ചോരച്ചൊരൊറ്റക്കണ്ണും
കൊമ്പൻ മീശയും കൂടി
ച്ചേരുമാരൂപം മാംസമുളുത്തുകേറീടിലും
ചേതന കണ്ടു മഹോന്നതമായ്
തൻമാറിൽത്താൻ
ചേണൂറ്റുവീണാൾ, ബോധം
കെട്ടൊരാവേലക്കാരി

പെൺവാണിഭങ്ങളിലും സ്ത്രീപീഡനങ്ങളിലും കൂട്ടബലാത്സംഗങ്ങളിലുമെല്ലാം ഇരയാവുന്നവരിലും അവസാനം ചുവന്നതെരുവിലെത്തുന്നവരിലും ആ പാറു ജീവിക്കുകയാണിന്നും.

കല്ല്യാണപ്പുടവയിലെ പാറുവിന് "ബോധിച്ചതില്ലെനിക്കെന്തിനിവർ പിന്നെ വാദിച്ചു നിൽക്കണമെന്നേക്കാണാൻ" എന്നു അമ്മയുടെ കാതിൽ പുറത്തുള്ളവർ കേൾക്കാൻതക്ക ഉച്ചത്തിൽ വാതിലിന്റെ മൂലയിൽ നിന്നു പറയേണ്ടി വന്ന സാഹചര്യം എത്ര സഹതാപാർഹം!

ഓർത്തിടുംതോറും കഥയറിയാതേറെ-
ച്ചീർത്തിടും മാറിനെ കൈത്തലത്താൽ
പേർത്തുമമർത്തവൾ
നോക്കിനാൾ തന്നെത്താൻ
വാർത്തമിഴിനീരിലൂടെത്തന്നെ!

കാരണം "കീറിപ്പറിഞ്ഞതാണിട്ടൊരു കഞ്ചുകം
ഈറനാം തറ്റുടുപ്പാണരയിൽ
ചാരപ്പുകമൂടികണ്ണുകലങ്ങുന്നു
പാറുവിനപ്പോളടുക്കളയിൽ"
"ഏറെനേർ, ന്നേറെനോ, റ്റേറെ പ്രതീക്ഷിച്ചി
ട്ടേറിവന്നുള്ളൊരാദിവ്യരൂപം
തനിക്കന്യമായിത്തീരുകയാണ്" - കാരണം
ഉടുത്തൊരുങ്ങാനൊരു തുണിയില്ലാത്തതുകൊണ്ടുമാത്രം!
എത്ര ദയനീയം: അനുകമ്പാർഹം!

ഉടുതുണി ഉരിഞ്ഞപ്പോൾ പാഞ്ചാലി പണ്ട് അനുഭവിച്ച ദുഃഖത്തിന്റേയും അപമാനത്തിന്റേയും മറ്റൊരു സഹതാപഭാവം പാറുവിൽ കാണുന്നു. സ്നേഹനിധിയായ

അമ്മയ്ക്ക് നോക്കിനിന്നു കണ്ണീർവാർക്കാനേ കഴിയുന്നുള്ളൂ. നിർദ്ധനനായ ഗൃഹനാഥൻ പുടവയെടുക്കാൻ പോയിട്ടു തിരിച്ചുവരുന്നുമില്ല. "ദ്വാരകാവാസി കൃഷ്ണാ" എന്ന് ഉറക്കെ വിളിക്കേണ്ടമറ്റൊരു സന്ദർഭം!. പക്ഷേ ആ വിളികേൾക്കാൻ ഇന്നൊരു കൃഷ്ണ ഭഗവാനില്ലാതെപോയി.

"താനുടുത്തുള്ളൊരു മുട്ടുമറയാത്ത ചാലിയ
ത്തോർത്തിലും പുത്രിയിലും
മാറിമാറിക്കൊണ്ടുനോക്കിടുംതോറുമേ
മൂകയായ് മൂഢയായ് നിന്നിതമ്മ"

ആ അമ്മയും പാവപ്പെട്ടവരുടെ പ്രാതിനിധ്യ സ്വഭാവത്തനു ഉത്തമ മാതൃകതന്നെ.

വിവാഹസമ്മാനത്തിലെ ചേച്ചിയാണ് ഇടശ്ശേരിയുടെ മറ്റൊരു ദുഃഖപുത്രി. ദുരന്തപുത്രി.

തന്നെ പ്രേമിച്ച ഒരാൾ തന്റെ അനുജത്തിയെ വിവാഹം കഴിച്ചതിലുള്ള മനഃപ്രയാസം അന്നത്തെ വിവാഹ രാത്രിയിൽ അവളെ വീർപ്പുമുട്ടിക്കുന്നു. പതിവിലും നേരത്തേ ഉണർന്നു കൊച്ചനിയനേയും കൂട്ടി ആമ്പൽപൊയ്കയിലേക്ക് കുളിക്കാനെന്ന വ്യാജേന ഇറങ്ങിപ്പോവുന്ന കൊച്ചേടത്തി. കുളക്കടവിലെ ഈറൻ കല്പടവിൽ

"ചേച്ചി പുതപ്പിച്ചിരുത്താം നിന്നെ
ചേലിലീമേൽമുണ്ടുകൊണ്ടിവിടെ
ഞാനിക്കറുത്തൊരുനീറ്റിൽമുങ്ങി
ക്കാണാതെയാമ്പോൾ കരയുമോ നീ
ഇന്നതിൽ നിന്നൊരു പൂ
തണ്ടോടെ പറിച്ചു നൽകാം –
എന്തിനാണെന്നോ?
ഇന്നലെ മംഗല്യം ചാർത്തിയില്ലേ
എന്നനുജത്തി നിൻ കൊച്ചേടത്തി
അപ്പുതു ദമ്പതിമാർക്ക് നൽകൂ
എന്നു പറഞ്ഞ്
കോച്ചും തണുപ്പിൽ കഴുത്തിനറ്റം
ചേച്ചിയിറങ്ങിത്തിരിഞ്ഞുനോക്കാം
ഇപ്പടവിൻമേൽ ഭയപ്പെടാതെ-
ന്നപ്പുചിരിച്ചു ചിരിച്ചിരിക്കൂ
ആശിക്കാനില്ലൊരു മന്ദഹാസം
ചേച്ചിക്ക് മറ്റൊരു ചുണ്ടിൽ നിന്നും
അങ്ങനെമുട്ടോളം, അരയോളം മുലയോളം കഴുത്തോളം ആശിഖം

ആ പാവം പ്രേമതിരസ്കൃത – ആത്മഹത്യചെയ്തു പകരം വീട്ടുകയാണ്. ജീവിതം ഒരു ബുൽബുദമായി പൊട്ടി അവസാനിക്കുകയാണ്.

വായനക്കാരന്റെ മനസ്സിൽ നിന്നും ഒരു ദുഃഖഗോളം കണ്ഠനാളം വഴി ഉയർന്നു വന്ന് ചുണ്ടിൽ തട്ടിത്തകരുന്ന വിധം ഒരു രംഗം ആവിഷ്കരിച്ച് ഇടശ്ശേരി സാഹിത്യത്തിന് ഒരു നീറുന്ന സമ്മാനം നൽകിയിരിക്കുകയാണ്.

"മറ്റൊരു മട്ടിലുമായരുതാ
ദൃഷ്ടിയിലെന്നുണ്ടെനിക്ക് മോഹം".